# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 731 | 11.07.2016-ൽ മറുപടിയ്ക്ക്

## അങ്കമാലി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റോജി എം. ജോൺ | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡുകൾ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;<br>(ബി) അങ്കമാലി മണ്ഡലത്തിലെ ഏതൊക്കെ പി.ഡബ്ല്യു.ഡി. റോഡുകളാണ് തകർന്ന് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫോർത്ത് മൈൽ എ.എ. റോഡ്, കാലടി ആനപ്പാറ പൂതംകുറ്റി റോഡ്, മുക്കന്നൂർ ഏഴാറ്റുമുഖം റോഡ്, ബ്ലാച്ചിപ്പാറ പാലിശ്ശേരി റോഡ്, കറുകുറ്റി ഏഴാറ്റുമുഖം റോഡ്, കറുകുറ്റി ആഴകം റോഡ്, കറുകുറ്റി മുക്കന്നൂർ റോഡ്, മഞ്ഞപ്ര ചുള്ളി റോഡ്, അങ്കമാലി മാഞ്ഞാലി റോഡ്, കറുകുറ്റി പാലിശ്ശേരി റോഡ്, മഞ്ഞപ്ര അയ്യമ്പുഴ റോഡ്, മഞ്ഞപ്ര മലയാറ്റൂർ റോഡ്, മഞ്ഞപ്ര മലയാറ്റൂർ എഫ്.ഐ.റ്റി. കണ്ണിമംഗലം റോഡ്, കാലടി ശ്രീ ശങ്കരാകോളേജ് റോഡ്, കരിയാട് മറ്റൂർ റോഡ്, അങ്കമാലി മഞ്ഞപ്ര റോഡ്, മഞ്ഞപ്ര വടക്കുംഭാഗം എടക്കുന്ന് റോഡ് എന്നിവയാണ് തകർന്നു കിടക്കുന്ന പ്രധാന റോഡുകൾ. |
| (സി) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;<br>(ഡി) അങ്കമാലി മണ്ഡലത്തിലെ തകർന്ന 29 റോഡുകൾ പുനരുദ്ധരിക്കുന്നത് സംബന്ധിച്ച സി.ഇ./ആർ.& എഎംപി;ബി./ഇ.കെ.എം./6437/16 നമ്പർ ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) & (ഡി) | പ്രസ്തുത റോഡുകൾ സംസ്ഥാന ടാസ്ക്ഫോഴ്സ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി പുനഃരുദ്ധരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഈ വർഷത്തെ നോൺ പ്ലാൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി റോഡുകൾക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിച്ചുവരുന്നു. |
| (ഇ) പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഇ) | ഭരണാനുമതി നൽകുന്ന പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ